## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4120** **03-03-2023 - ൽ മറുപടിയ്ക്ക്**

## ലൈഫ് ഭവന പദ്ധതി തുക വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2022 -23 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിക്കായി വകയിരുത്തിയ തുകയിൽ 5.34 ശതമാനം മാത്രമാണ് ചെലവിട്ടത് എന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടുകൾ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ടോ; | (എ) | 2022-23 സാമ്പത്തിക വർഷം ലൈഫ് മിഷന്റെ ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ 31.07 ശതമാനം 28.02.2023 വരെ ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നതിലേക്കായി ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമാക്കുകയും ടി ഗുണഭോക്തൃ പട്ടികയിലെ അർഹരായ പട്ടിക ജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും അതിദരിദ്ര്യരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വീട് ആവശ്യമുള്ളവർക്കും ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനായി 15.11.2022-ലെ സ.ഉ. (സാധാ) 2806/ 2022/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം മേൽപ്പടി ഗുണഭോക്തൃ പട്ടികയിൽ നിന്നും 28.02.2023 വരെ 27,567 ഗുണഭോക്താക്കൾ കാരാറി ലേർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുന്നതിന് ആവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത് |
| (ബി) | ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദീകരിക്കാമോ; നടപ്പ സാമ്പത്തിക വർഷത്തിന്റെ അവസാനമായിട്ടും തുക വിനിയോഗിക്കുന്നതിൽ പുരോഗതിയുണ്ടാക്കാൻ കഴിയാത്ത സാഹചര്യം എന്താണ്; | (ബി) | 2022-23 സാമ്പത്തിക വർഷം ലൈഫ് മിഷന്റെ ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ 31.07 ശതമാനം 28.02.2023 വരെ ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നതിലേക്കായി ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമാക്കുകയും ടി ഗുണഭോക്തൃ പട്ടികയിലെ അർഹരായ പട്ടിക ജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും അതിദരിദ്ര്യരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വീട് ആവശ്യമുള്ളവർക്കും ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനായി 15.11.2022-ലെ സ.ഉ. (സാധാ) 2806/ 2022/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം മേൽപ്പടി |

| | | | |
|---|---|---|---|
| | | | ഗുണഭോക്തൃ പട്ടികയിൽ നിന്നും 28.02.2023 വരെ 27,567 ഗുണഭോക്താക്കൾ കാരറി ലേർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുന്നതിന് ആവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത് |
| (സി) | ഭവന പദ്ധതിയുടെ ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിലുമായി ലഭിച്ച അപേക്ഷകരുടെ എണ്ണവും വീട് നിർമ്മിച്ച് നൽകിയ ഗുണഭോക്താക്കളുടെ കണക്കുകളുടെയും വിശദവിവരം നൽകുമോ? | (സി) | <u>ഒന്നാംഘട്ടം - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം</u><br><br>2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിൽ ഏർപ്പെടുകയോ ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്തെങ്കിലും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത 54,116 ഭവനങ്ങളെ കണ്ടെത്തി. 52,680 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br><u>രണ്ടാംഘട്ടം - ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം.</u><br><br>ലൈഫ് രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാരിന്റെ 06.02.2017-ലെ സ.ഉ (സാധാ) 328/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമാണ് ആരംഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിൽ 1,70,452 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ അർഹരായി കണ്ടെത്തിയ 1,02,542 ഗുണഭോക്താക്കളിൽ 99,784 ഗുണഭോക്താക്കൾ ഭവന നിമ്മാണത്തിനായി തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.<br><br>ഇതിനുപുറമെ അഡീഷണൽ ലിസ്റ്റ്, ലൈഫ് പി.എം.എ.വൈ. (ഗ്രാമീൺ), ലൈഫ് പി.എം.എ.വൈ. (അർബൺ), വിവിധ വകുപ്പുകൾ എന്നിവ മുഖേനയുള്ള 2,05,506 ഭവനങ്ങൾക്കുൾപ്പെടെ ആകെ 3,05,290 ഗുണഭോക്താക്കൾ രണ്ടാം ഘട്ടത്തിൽ ഭവന നിർമ്മാണത്തിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 2,56,423 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 48,867 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br><br><u>മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം.</u> |

| | | | |
|---|---|---|---|
| | | | ലൈഫ് മൂന്നാം ഘട്ടത്തിലേയും അഡീഷണൽ ലിസ്റ്റിലേയും ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയ 1,58,470 ഗുണഭോക്താക്കളിൽ സ്വന്തമായോ/ വകുപ്പ് മുഖേനയോ ഭൂമി ആർജ്ജിച്ചുവന്ന 33246 ഗുണഭോക്താക്കളിൽ 28,732 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 19,394 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 9,338 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്.<br><br>കൂടാതെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ നിന്നും 28,277 ഗുണഭോക്താക്കളും ഭവന നിർമ്മാണത്തിനായി കരാറിലേർ പ്പെട്ടിട്ടുണ്ട്.<br><br>മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം.ഇപ്രകാരം ലൈഫ് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലും അഡീഷണൽ ലിസ്റ്റിലുമായി 01.03.2023 വരെ 3,28,497 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ